യന്ത്രവൽകൃത മൽസ്യബന്ധന ബോട്ടുകൾ

1561. [2329] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൽ ഇപ്പോൾ ആകെ എത്ര യന്ത്രവൽകൃത മൽസ്യബന്ധന ബോട്ടുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഔട്ട്ബോർഡ് എൻജിൻ ഘടിപ്പിച്ചിട്ടുള്ള എത്ര നാടൻ വള്ളങ്ങൾ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) 3,509 യന്ത്രവൽകൃത മൽസ്യബന്ധന ബോട്ടുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 7,416 നാടൻ വള്ളങ്ങളിൽ ഔട്ട്ബോർഡ് എൻജിൻ ഘടിപ്പിച്ച് മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുകയാണ്.

"വ്യാസപുരാണം" എന്ന നാടകം

1562. [2330] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'വ്യാസപുരാണം' എന്ന പേരിൽ ഒരു നാടകം മൽസ്യത്തൊഴിലാളികളുടെ ഇടയിൽ അവതരിപ്പിക്കുന്നതിന് അനുവാദം കൊടുത്തതായെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ നാടകത്തിന്റെ കഥയ്ക്ക് മൽസ്യത്തൊഴിലാളികളുടെ ജീവിതവുമായി എന്തെങ്കിലും ബന്ധം ഉണ്ടോ എന്നും അത് ഏത് തരത്തിലാണ് തൊഴിലാളികളുടെ ജീവിതത്തെ സ്വാധീനിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) ഇത് അവതരിപ്പിക്കുന്നതിന് ഒരു ദിവസം വേണ്ടിവരുന്ന ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ നാടകാവതരണത്തിന് മൽസ്യഫെഡിന്റെ വാഹനം നൽകാറുണ്ടോ ; ഉണ്ടെങ്കിൽ അതാരുടെ നിർദ്ദേശപ്രകാരം എന്ന് വ്യക്തമാക്കുമോ ;

(ഇ) ആരുടെ മേൽനോട്ടത്തിലാണ് ഈ നാടകം അവതരിപ്പിക്കുന്നതെന്നും, ഇത് പരിശോധിക്കാൻ ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാടകം അവതരിപ്പിക്കാൻ അനുവാദം കൊടുത്തത് മൽസ്യഫെഡാണ്.

(ബി) മൽസ്യത്തൊഴിലാളികൾ സഹകരണാടിസ്ഥാനത്തിൽ സംഘടിച്ച് മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും രക്ഷപ്രാപിച്ച് ശക്തിയാർജ്ജിക്കുന്നതിന് ഈ നാടകം സഹായിക്കും.

(സി) 3,000 രൂപ മുതൽ 3,500 രൂപവരെ ചെലവ് വരും.

(ഡി) മൽസ്യഫെഡിന്റെ വാഹനം ഈ നാടകാവതരണത്തിന് സാധാരണ നൽകാറില്ല. എന്നാൽ ഒരുതവണ മൽസ്യഫെഡിന്റെ വാഹനം മൽസ്യഫെഡിൽ നിലവിലുള്ള നിയമമനുസരിച്ച് വാടകയ്ക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly